**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1258 13/12/2012-ൽ മറുപടിയ്ക്ക്

**പ്രത്യേക പ്രോജക്റ്റുകൾക്ക് റവന്യൂ വകുപ്പ് ഏറ്റെടുത്തു നൽകുന്ന ഭൂമി**

**ചോദ്യം**

ശ്രീ. എം. ഹംസ

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ആരംഭിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കായി റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകുന്ന ഭൂമി, പ്രോജക്ട് കാലാവധി കഴിഞ്ഞാൽ റവന്യൂ വകുപ്പിന് തിരിച്ചു നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) റവന്യൂ വകുപ്പ് പൊന്നുംവില പ്രകാരം ഏറ്റെടുത്ത് നൽകുന്ന ഭൂമി പ്രോജക്റ്റ് കാലാവധി കഴിഞ്ഞാൽ റവന്യൂ വകുപ്പിന് തിരികെ നൽകണമെന്ന ഉത്തരവ് നിലവിലില്ല.

എന്നാൽ സംസ്ഥാന സർക്കാർ അഥവാ കേന്ദ്ര സർക്കാർ കാര്യത്തിലല്ലാതെയുള്ള പൊതു ആവശ്യത്തിനായി ഭൂമി പൊന്നുംവിലയ്ക്കെടുക്കുമ്പോൾ ലാന്റ് അക്വിസിഷൻ റൂൾ 9 (3) പ്രകാരം തയ്യാറാക്കുന്ന ഉടമ്പടി പ്രകാരമുള്ള നിബന്ധനകൾ നടപ്പിലാക്കുന്നതിന് വീഴ്ച വരുത്തിയാൽ ഭൂമി സർക്കാരിൽ സംക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. കൂടാതെ വിവധ പദ്ധതികൾക്കായി പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്തതും പ്രസ്തുത പദ്ധതികൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമി റവന്യൂ വകുപ്പിന് തിരികെ നൽകണമെന്ന് 22-12-2000-ലെ ജി. ഒ. (എം.എസ്) 387/2000/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സർക്കാർ പൊന്നുംവിലയ്ക്കെടുത്ത് 3 വർഷത്തിനകം ഉപയോഗിക്കാതിരുന്നാൽ റവന്യൂ വകുപ്പിലേയ്ക്ക് ഏറ്റെടുക്കാവുന്നതാണെന്ന് 15-11-2011-ലെ സ.ഉ.(എം.എസ്) 419/11/റവ ഉത്തരവിലും വിശദീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിലുള്ള ഏതെല്ലാം പ്രോജക്ടുകളുടെ ഭൂമിയാണ് റവന്യൂ വകുപ്പിന് തിരികെ ലഭിക്കാനുള്ളത്, വിശദാംശം ലഭ്യമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിലുള്ള സ്ഥലം പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്ത് ഗ്രാസിം ഇൻഡസ്ട്രീസിന് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ സ്ഥലം തിരിച്ചു പിടിക്കുന്നതിനായി സ.ഉ. (സാധാ) 316/2006/വ്യവ. തീയതി 21-03-2006 പ്രകാരം നടപടികൾ സ്വീകരിച്ചിരുന്നു എങ്കിലും ഗ്രാസിം ഇൻഡസ്ട്രീസ് ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) 12851/2006 കേസിൽ സ്റ്റേ ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്. മറ്റ് ജില്ലകളിൽ നിന്നും ഇത്തരത്തിലുള്ള വിവരങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | 30-10-1967-ലെ ജി.ഒ.(എം.എസ്) 630/97/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവ് ഇന്നും നിലനിൽക്കുന്നുണ്ടോ; അതു പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ? | (സി) | 30-10-1967-ലെ ജി.ഒ. (എം.എസ്) 630/97/റവ എന്നൊരു സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ 30-10-67-ലെ : സ.ഉ.(എം.എസ്) 530/67/റവ നമ്പർ ഉത്തവ് മേൽ വിഷയവുമായി ബന്ധപ്പെട്ടതാണ്. ആയത് 21-12-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്)387/2000/റവ ഉത്തരവ് മുഖേന ഭേദഗതി വരുത്തിയിട്ടുണ്ട്. ഇവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിലെ പുനലൂർ വില്ലേജിൽ നിന്നും കെ.. ഐ. പിക്ക് വേണ്ടി ഏറ്റെടുത്ത 44.51 ആർ. സ്ഥലം റവന്യൂ പുറമ്പോക്കിലേയ്ക്ക് മാറ്റിയിരുന്നതും ടി ഭൂമി 20-11-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.439/12/റവ പ്രകാരം കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡിഷ്യൽ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**